**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1540** **06.03.2017 ൽ മറുപടിയ്ക്ക്**

## കർഷക പെൻഷൻ കുടിശിക

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| --- | --- |
| എ) കാമാക്ഷി ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ മുഖേനയുള്ള കർഷക പെൻഷൻ മുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് പെൻഷൻ മുടങ്ങിയത്; കാരണം വ്യക്തമാക്കാമോ;<br><br>ബി) കർഷ പെൻഷൻ കുടിശിക നടപ്പ സാമ്പത്തിക വർഷം തന്നെ കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | എ) & ബി) ഉണ്ട്. കാമാക്ഷി കൃഷി ഭവനിലെ 545 കർഷകർക്ക് ഫെബ്രുവരി 2016 വരെ കർഷക പെൻഷൻ കൊടുത്തിട്ടുണ്ട്. പെൻഷൻ അർഹരുടെ മാനദണ്ഡം നിശ്ചയിക്കുന്ന ലിസ്റ്റ് തയ്യാറാക്കുന്നതിൽ ധാരാളം അപാകതകൾ ഉണ്ടായിരുന്നതിനാൽ കർഷക പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനും മാനദണ്ഡം പുനർ നിർണ്ണയിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ച് വന്നിരുന്നതിനാലാണ് ഈ കാലയളവിൽ പെൻഷൻ മുടങ്ങിയത്. മാനദണ്ഡങ്ങൾ പുനർനിർണ്ണയിച്ചുകൊണ്ട് 03.03.32017- ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.അർഹരായ മുഴുവൻ കർഷകർക്കും കുടിശ്ശിക ഇല്ലാതെ പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചു വരുന്നു. മാർച്ച് മാസത്തിൽ തന്നെ കർഷകരുടെ പെൻഷൻ കുടിശ്ശിക തുക വിതരണം ആരംഭിക്കുവാനാകും. |

s. [signature]

**സെക്ഷൻ ഓഫീസർ**